**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1322** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ഉയർന്ന ഫെയർ വാല്യൂ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. ബിനിമോൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കോട്ടയം ജില്ലയിലെ, വൈക്കം താലൂക്കിൽ ഉൾപ്പെടുന്ന വെച്ചൂർ വില്ലേജിലെ ഉയർന്ന ഫെയർ വാല്യൂ കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**<u>മറുപടി:</u>** വെച്ചൂർ വില്ലേജിൽ നിന്നും ഫെയർവാല്യു കുറച്ച് ലഭിക്കുന്നതിനായി കോട്ടയം ജില്ലാ കളക്ടർക്ക് വരുന്ന അപ്പീൽ അപേക്ഷകൾ, പാലാ ആർ.ഡി.ഒ.യുടെയും ബന്ധപ്പെട്ട തഹസിൽദാർമാരുടെയും റിപ്പോർട്ടുകളുടെയും, അതോടൊപ്പം അപേക്ഷകരെ നേരിൽ കേട്ടും സ്ഥലപരിശോധന നടത്തുകയും ചെയ്യതിന്റെയും അടിസ്ഥാനത്തിൽ ഫെയർവാല്യു കുറച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് അമിതമായ ഫെയർവാല്യു ഉള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുള്ളതാണ്. സംസ്ഥാനത്ത് 2010-ൽ നിർണ്ണയിച്ച ന്യായവില സംബന്ധിച്ച് അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാൽ സംസ്ഥാനമൊട്ടാകെ ന്യായവില പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയുമാണ്.

**(ബി)** നാളിതുവരെ നടപടി എടുത്തിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** വെച്ചൂർ വില്ലേജിൽ നിന്നും ഫെയർവാല്യു കുറച്ച് ലഭിക്കുന്നതിനായി കോട്ടയം ജില്ലാ കളക്ടർക്ക് വരുന്ന അപ്പീൽ അപേക്ഷകൾ, പാലാ ആർ.ഡി.ഒ.യുടെയും ബന്ധപ്പെട്ട തഹസിൽദാർമാരുടെയും റിപ്പോർട്ടുകളുടെയും, അതോടൊപ്പം അപേക്ഷകരെ നേരിൽ കേട്ടും സ്ഥലപരിശോധന നടത്തുകയും ചെയ്യതിന്റെയും അടിസ്ഥാനത്തിൽ ഫെയർവാല്യു കുറച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് അമിതമായ ഫെയർവാല്യു ഉള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുള്ളതാണ്. സംസ്ഥാനത്ത് 2010-ൽ നിർണ്ണയിച്ച ന്യായവില സംബന്ധിച്ച് അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാൽ സംസ്ഥാനമൊട്ടാകെ ന്യായവില പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയുമാണ്.

**സെക്ഷൻ ഓഫീസർ**